കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ്

കാസർകോട്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

2018 നവംബർ 30
വെള്ളി

## വോട്ടർ പട്ടിക കുറ്റമറ്റതാക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾ സഹകരിക്കണം: ടി.വി സുഭാഷ് ഐ.എ.എസ്

വോട്ടർ പട്ടിക കുറ്റമറ്റതാക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾ സഹകരിക്കണമെന്ന് ടി.വി സുഭാഷ് ഐ.എ.എസ് പറഞ്ഞു. കളക്ടറേറ്റിൽ ചേർന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമിച്ച കോഴിക്കോട്, കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലെ ഇലക്ടറൽ റോൾ ഒബ്സർവറാണ് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്റ്റർ കൂടിയായ ടി.വി.സുഭാഷ്. ലോക്‌സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ന്യൂനതകളില്ലാത്ത വോടർപട്ടിക പ്രസിദ്ധീകരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അർഹനായ ഒരാൾ പോലും വോട്ടർ പട്ടികയിൽ നിന്ന് ബോധപൂർവ്വം ഒഴിവാക്കപ്പെടരുത്. അനർഹരും മരിച്ചവരും വോട്ടർ പട്ടികയിൽ കടന്നുകൂടാനും പാടില്ല. ഒരാൾക്ക് ഒന്നിൽ കൂടുതൽ സ്ഥലത്തെ വോട്ടർ പട്ടികയിൽ പേരുണ്ടാവാനും പാടില്ല. ജനാധിപത്യം സതാര്യവും കാര്യക്ഷമവുമാവുന്നതിനുള്ള അടിസ്ഥാനശിലയാണ് വോട്ടർ പട്ടിക.

2018 ജനുവരി ഒന്നും 2019 ജനുവരി ഒന്നും അടിസ്ഥാനമാക്കി 18 വയസ് തികയുന്നവരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താം. ട്രാൻസ്ജെന്റർ, അംഗ പരിമിതർ, പ്രവാസികൾ തുടങ്ങിയവരെ വോട്ടർ പട്ടികയിൽ ചേർക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവണം.

## 'ബൂത്ത്തല പ്രവർത്തനം കാര്യക്ഷമമാക്കണം'

ജില്ലയിലെ എല്ലാ ബൂത്തുകളിലും വോട്ടർ പട്ടിക നവീകരിക്കുന്നതിന് ബൂത്ത് ലെവൽ ഓഫീസർമാർ, ബൂത്ത് ലെവൽ ഏജൻറുമാർ എന്നിവരുടെ നേതൃത്വത്തിൽ ഊർജിത കാംപയിൻ നടത്തണം. ബൂത്ത് ലെവൽ ഏജൻറുമാരെ നിയമിക്കാത്ത രാഷ്ട്രീയ പാർട്ടികൾ ഉടൻ തന്നെ അവരെ നിയമിക്കണം. ഒരാഴ്ചക്കകം ബൂത്ത് തലത്തിൽ യോഗം ചേർന്ന് വോട്ടർ പട്ടിക കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തെറ്റുകൾ തിരുത്തുന്നതിനും വ്യക്തയില്ലാത്ത ഫോട്ടോകൾ മാറ്റുന്നതിനും വോട്ടർമാർ സ്വയം മുന്നോട്ട് വരണം. ഓരോ മണ്ഡലത്തിലും ഏറ്റവും കൂടുതൽ കൂട്ടിച്ചേർക്കലും ഒഴിവാക്കലും നടത്തിയ 20 ബൂത്തുകളിലെ പട്ടിക ഒബ്സർവർ നേരിട്ട് പരിശോധിക്കും. 2019 ജനുവരി നാലിനാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എ.കെ രമേന്ദ്രൻ, തഹസിൽദാർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ കെ.മുഹമ്മദ് ഹനീഫ(സിപിഐ എം),എം കുഞ്ഞമ്പു നമ്പ്യാർ(ഐ എൻ സി ഐ), ഗോവിന്ദൻ പള്ളിക്കാപ്പിൽ (സിപി ഐ), ബാലകൃഷ്ണൻ ഷെട്ടി(ബിജെപി), ടി.ഇ അബ്ദുള്ള (ഐ യു എം എൽ), ബൂത്ത് ലെവൽ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

(തുടരും)

# ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉൾവാറിൽ മിന്നൽ പരിശോധന; അനധികൃത മണൽകടത്തിന് ഉപയോഗിച്ച ആറു വള്ളങ്ങൾ നശിപ്പിച്ചു

അനധികൃതമായി മണൽകടത്തുന്നതിനിടെ ബംമ്പ്രാണ ഉൾവാറിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തി മണൽനിറച്ചിരുന്ന ആറുവള്ളങ്ങൾ ജെസിബി ഉപയോഗിച്ചു നശിപ്പിച്ചു. മണൽകടത്തുന്നിനിടെ ജില്ലാ കളക്ടറെയും സംഘത്തെയും കണ്ടു വള്ളങ്ങൾ ഉപേക്ഷിച്ച് രക്ഷപ്പെട്ട ഇതരസംസ്ഥാനക്കാർ ഉൾപ്പെടെയുള്ളവരെ 15 ദിവസത്തിനകം അറസ്റ്റ് ചെയ്തു ഹാജരാക്കുവാൻ കുമ്പള എസ്.ഐയോട് ജില്ലാ മജിസ്ട്രേറ്റ്കൂടിയായ ജില്ലാ കളക്ടർ നിർദേശിച്ചു.

കഴിഞ്ഞ ദിവസം(നവംബർ 29) വൈകിട്ട് ആറുമണിയോടെയാണു ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം ഉൾവാർ കടവിലെത്തിയത്. ഇവിടെ നിന്നും അനധികൃതമായി മണൽകടത്തുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ എത്തിയ കളക്ടറെ കണ്ടതും ആറു വള്ളങ്ങളിൽ മണൽനിറച്ചുകടത്താൻ ശ്രമിക്കുകയായിരുന്ന ഇതര സംസ്ഥാനക്കാരായ 11 പേർ വള്ളങ്ങൾ ഉപേക്ഷിച്ചു രക്ഷപ്പെടുകയായിരുന്നു. ഇവരെ പിന്തുടരുവാൻ ശ്രമിച്ചെങ്കിലും പിടികൂടാനായില്ല. എന്നാൽ ഇവരുടെ മൊബൈൽഫോണുകൾ, തിരിച്ചറിയിൽ രേഖകൾ, മണൽകടത്തുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങിയവ കളക്ടർ പിടിച്ചെടുത്തു. ദിവസവും ലോഡ് കണക്കിനു മണലാണ് ഇവിടെനിന്നും കടത്തുന്നതെന്നു ജില്ലാ കളക്ടർ പറഞ്ഞു. ചുരുങ്ങിയത് എട്ടു ലോഡ് മണലുകൾ ദിവസവും കടത്തുന്നുണ്ട്. ഇതു സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഉൾകൊള്ളുന്ന കണക്ക് പുസ്തകം ഉൾപ്പെടെയുള്ളപ്പടെയുള്ളവ പിടിച്ചെടുത്തവയിലുണ്ട്. പിടിച്ചെടുത്ത വള്ളങ്ങൾ ജെസിബി ഉപയോഗിച്ചു നശിപ്പിച്ചുവെന്നും കളക്ടർ പറഞ്ഞു.

ഉത്തർപ്രദേശുകാരായ രവിശങ്കർ, ശ്യാം ദുലാർ, ദർവാൻ, സാജൻ, ജബ്നാദ്, നസിം, ഖേദൻ, ബിഭവ്, രാംകുമാർ, ജിതേന്ദ്രർ, കേസരി എന്നിവരാണ് ഓടി രക്ഷപ്പെട്ടത്. രക്ഷപ്പെട്ടവരെയും ഇവർക്കു സഹായം ചെയ്തവരെയും അറസ്റ്റ് ചെയ്യുവാനാണ് കുമ്പള എസ്.ഐയോട് കളക്ടർ നിർദേശിച്ചിരിക്കുന്നത്.

ജില്ലാ കളക്ടർക്കൊപ്പം കാസർകോട് ആർഡിഒ അബ്ദു സമദ്, മഞ്ചേശ്വരം തഹസിൽദാർ സക്കീർ ഹുസൈൻ, വില്ലേജ് ഓഫീസർ കീർത്തന, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിശോധനയിൽ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്:- കളക്ടർ:- അനധികൃതമായി മണൽകടത്തിന് ഉപയോഗിച്ച വള്ളങ്ങൾ ജില്ലാ കളക്ടർ ഡോ.സജിത്ത് ബാബുവിന്റെ നേതൃത്വത്തിൽ നശിപ്പിക്കുന്നു.

കളക്ടർ 1, 2:-

മണൽകടത്തുകാരിൽ നിന്ന് പിടിച്ചെടുത്ത തിരിച്ചറിയിൽ കാർഡും മൊബൈൽഫോണുകളും മറ്റും.

# കുരുമുളകിന്റെ ദ്രുതവാട്ടം; ജില്ലയ്ക്ക് 1.21 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചു

ജില്ലയിൽ കുരുമുളകിന്റെ ദ്രുതവാട്ടം രോഗത്തിനെതിരെ കുമിൾനാശിനി സ്വഭാവമുള്ള വളർച്ച ത്വരകമായ അക്കോമിൻ സ്പ്രേ ചെയ്യുന്നതിന് സംസ്ഥാന സർക്കാർ 1.21 കോടി രൂപ അനുവദിച്ചു.പ്രളയത്തെ തുടർന്ന് ജില്ലയിൽ കുരുമുളക് ഉദ്പാദനത്തിൽ കനത്ത നഷ്ടമാണ് സംഭവിച്ചത്.118.6 മെട്രിക്ക് ടൺ കുരുമുളക് നശിച്ചുപോയി. ഇതുമൂലം 474.4 ലക്ഷം രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടായി.

ജില്ലയിലെ ആറു ബ്ലോക്കുകളിലും സൗജന്യമായി മരുന്ന് വിതരണം ചെയ്യും.ഓരോ പഞ്ചായത്തിലും കുമിൾനാശിനി സ്പ്രേ ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതാത് പഞ്ചായത്തിലെ കൃഷി ഓഫീസർമാർ ഏകോപിപ്പിക്കും.പന്നിയൂർ 1, കരിയിലാഞ്ചി, കരിമുണ്ട തുടങ്ങിയ കുരുമുളക് ഇന

(തുടരും)

ങ്ങളാണ് ജില്ലയിൽ കൃഷി ചെയ്യുന്നത്.ഇവയ്ക്ക് ബാധിച്ചിട്ടുള്ള എല്ലാ രോഗത്തിനെതിരെയും അക്കോമിൻ സ്പ്രേ ചെയ്യുന്നതിലൂടെ രക്ഷ നേടനാകുമെന്നാണ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രതീക്ഷിക്കുന്നത്. 10 ദിവസത്തെ ഇടവേളകളിൽ രണ്ട് തവണയായി കൃഷി ഭവനിന്റെ ആഭിമുഖ്യത്തിൽ കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ, എന്നിവയുടെ സാങ്കേതിക സഹായത്തോടെയാണ് മരുന്ന് തെളിക്കുന്നത്. ഡിസംബർ 31 നകം മരുന്നുതളി പൂർത്തിയാക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണം.

## ഉപ തെരഞ്ഞെടുപ്പ്; സി.എം വിജയകുമാർ, പി.ഇന്ദിര എന്നിവർ വിജയിച്ചു

ബേഡടുക്ക ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡായ ബീബുംങ്കാലിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ സിപിഐ(എം) സ്ഥാനാർഥി സി.എം വിജയകുമാർ(ബിജു തായത്ത്) വിജയിച്ചു. 543 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് കോൺഗ്രസ് ഐയിലെ സി.കുഞ്ഞികൃഷ്ണനെ പരാജയപ്പെടുത്തിയത്. സി.എം വിജയകുമാറിന് 728 വോട്ടും സി.കുഞ്ഞികൃഷ്ണന് 185 വോട്ടും ബിജെപിയിലെ പി.സദാശിവന് 143 വോട്ടുകളുമാണ് ലഭിച്ചത്. ആകെ 1056 വോട്ടുകളാണ് ബീബുംങ്കാലിൽ പോൾ ചെയ്തത്.

കയ്യൂർ -ചീമേനി ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡായ ചെറിയാക്കരയിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ സിപിഐ(എം) സ്ഥാനാർഥി പി.ഇന്ദിര 300 വോട്ടുകളുടെ ഭൂപിപക്ഷത്തിൽ വിജയിച്ചു. പി.ഇന്ദിരയ്ക്ക് 657 വോട്ടും കോൺഗ്രസ് ഐയിലെ പ്രിയ.കെ 357 വോട്ടും നേടി. ചെറിയക്കരയിൽ 1014 വോട്ടുകളാണ് ആകെ പോൾ ചെയ്തത്.

ബീബുംങ്കാൽ വാർഡിൽ 81.71 ശതമാനവും ചെറിയാക്കര വാർഡിൽ 82.50 ശതമാനവും ആണ് വോട്ടിംഗ്.

## പോസ്റ്റർ രചനാ മത്സരം

സമൂഹത്തിൽ കണ്ടുപിടിക്കപ്പെടാതെ ഇപ്പോഴും കുഷ്ഠരോഗത്തിന്റെ ലക്ഷണങ്ങളുമായി കഴിയുന്ന ആളുകളെ കണ്ടെത്തി പൂർണ്ണമായും കുഷ്ഠരോഗം നിർമാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി ജില്ലയിൽ ഡിസംബർ അഞ്ചുമുതൽ രണ്ടാഴ്ചക്കാലം നടക്കുന്ന എൽ. സി. ഡി. സി. (ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ ) പരിപാടിയുടെ പ്രചരണാർത്ഥം കോളേജ് വിദ്യാർത്ഥികൾക്കായി പോസ്റ്റർ രചനാ മത്സരം സംഘടിപ്പിക്കുന്നു. കാസർകോട് ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ നാലിന് കാഞ്ഞങ്ങാട് നഴ്സിംഗ് സ്കൂളിൽ രാവിലെ 10 മണിക്ക് മത്സരം ആരംഭിക്കും.

ശരീരത്തിൽ കാണപ്പെടുന്ന നിറം മങ്ങിയതോ ചുവന്നതോ തടിച്ചതോ സ്പർശനശേഷി കുറഞ്ഞതോ ആയ പാടുകൾ കുഷ്ഠരോഗ ലക്ഷണമാകാം, കുഷ്ഠരോഗം മറ്റു രോഗങ്ങളെപ്പോലെ ആർക്കുവേണമെങ്കിലും പിടിപെടാം. എന്നിരുന്നാലും പൂർണമായും ചികിത്സിച്ച് ഭേദമാക്കാം. നേരത്തേ തന്നെ കണ്ടെത്തി ചികിത്സിച്ചാൽ കുഷ്ഠരോഗം മൂലമുള്ള വൈകല്യങ്ങൾ തടയാൻ കഴിയും. കുഷ്ഠരോഗത്തിനുള്ള വിവിധ ഔഷധ ചികിത്സ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭിക്കാം. എന്നീ സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതാകണം പോസ്റ്ററുകൾ. മത്സരത്തിൽ പങ്കെടുക്കുന്നവർ പോസ്റ്റർ രചനയ്ക്ക് ആവശ്യമായ വസ്തുക്കളും കോളേജ്പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രവും കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക് ഈ നമ്പറിൽ ബന്ധപ്പെടുക. 9567795075

## നിയമ ലംഘനം നടത്തുന്ന മോട്ടോർ സൈക്കിൽ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കും

ജില്ലയിൽ വർധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ യോഗം തീരുമാനിച്ചു. ഇന്നുമുതൽ(ഡിസംബർ ഒന്നു) തുടർച്ചയായി വാഹന പരിശോധന നടത്തും. നിശ്ചിത മാതൃകയിൽ നമ്പർ പ്ലേറ്റ് പതിപ്പിക്കാതെയും ഹെൽമറ്റ് ധരിക്കാതെയും ഓവർ സ്പീഡിലും മോഡിഫി

(തുടരും)

ക്വോഷൻ ചെയ്തും നിയമ ലംഘനങ്ങൾ നടത്തുന്ന മോട്ടോർ സൈക്കിൾ ഉടമകൾക്കെതിരെ പോലീസ്- മോട്ടോർ വാഹനം- റവന്യൂ വകുപ്പുകൾ സംയുക്തമായി ജില്ലാ കളകക്ടറുടെ നേതൃത്വത്തിൽ കർശന പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കും.

## ഹജ്ജ് അപേക്ഷ: ഡിസംബർ 12 വരെ സമർപ്പിക്കാം

2019 ൽ ഹജ്ജിനു പോകുവാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 12 നകം അപേക്ഷ സമർപ്പിക്കണം. ഡിസംബർ 12 നുള്ളിൽ 70 വയസ് തികയുന്നവർക്ക് നേരിട്ട് അനുമതി ലഭിക്കുന്ന റിസർവേഷൻ കാറ്റഗറിയിലും 45 വയസ് തികയുന്ന സ്ത്രീകൾക്ക് മെഹ്റമില്ലാതെ കുറഞ്ഞത് 4 സ്ത്രീകൾക്ക് മാത്രമായി അപേക്ഷിക്കാവുന്ന കാറ്റഗറിയിലും അപേക്ഷിക്കാം.

അപേക്ഷകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും സൗജന്യ സേവനങ്ങളും നൽകുന്നതിന് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഹജ്ജ് ട്രയിനർമാർ സൗജന്യ ഹെൽപ് ഡെസ്ക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഓൺലൈൻ വഴിയോ അല്ലാതെയോ സമർപ്പിക്കുന്ന അപേക്ഷകളും അനുബന്ധ രേഖകളും ഒരാൾക്ക് 300 രൂപയെന്ന തോതിൽ അടച്ച ബേങ്ക് രശീതിയും സംസ്ഥാന ഹജ്ജ് കമ്മറ്റി ഓഫീസിൽ ഡിസംബർ 12 ന് മൂന്ന് മണിക്ക് അകം ലഭിക്കണം. ഹജ്ജ് യാത്ര ഉറപ്പാകുമെന്ന് കരുതുന്ന റിസർവ് കാറ്റഗറിയിൽപെട്ട 70 വയസ് പിന്നിട്ടവരും അവരുടെ സഹായികളുമുൾപ്പെടുന്ന അപേക്ഷകർ ഒറിജിനൽ പാസ്പോർട്ടുൾപ്പെടെയുള്ള മുഴുവൻ രേഖകളും സംസ്ഥാന ഹജ്ജ് ഓഫീസിൽ നേരിട്ട് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് -9446640644. ഏകദിന ഹജ്ജ് ഹെൽപ് ഡെസ്ക്കുകൾ സംഘടിപ്പിക്കുവാൻ താത്പര്യമുള്ളവർ 9446111188 എന്ന നമ്പറിലും വിളിക്കുക.

## പാരമ്പര്യേതര ട്രസ്റ്റി നിയമനം

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള മഞ്ചേശ്വരം താലൂക്കിലുള്ള ബഡാജെയിലെ ബഡാജെ ശ്രീ മഹാലിംഗേശ്വര ക്ഷേത്രത്തിലേക്കും, കാസർകോട് താലൂക്കിലുള്ള കുമ്പാഡജെയിലെ ആളിഞ്ചെ ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലേക്കും, പാരമ്പര്യേതര ട്രസ്റ്റിമാരുടെ നിയമനത്തിന് ക്ഷേത്ര പരിസരവാസികളായ ഹിന്ദുമതവിശ്വാസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ മലബാർ ദേവസ്വം ബോർഡിന്റെ കാസർകോട് ഡിവിഷൻ നീലേശ്വരത്തുള്ള അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ ഡിസംബർ 19 ന് വൈകുന്നേരം 5 നകം ലഭിക്കണം. അപേക്ഷ ഫോറം മലബാർ ദേവസ്വം ബോർഡ് വെബ് സൈറ്റിൽ നിന്നും, നീലേശ്വരത്തുള്ള അസിസ്റ്റന്റ് കമ്മീഷറുടെ ഓഫീസിൽ നിന്നും സൗജന്യമായി ലഭിക്കും. നേരത്തേയുള്ള വിഞ്ജാപനം പ്രകാരം അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

## കന്നട വിദ്യാർത്ഥികളെ അനുമോദിക്കും

എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ കേരളത്തിലെയും, ഗോവയിലെയും കന്നട മീഡിയം വിദ്യാർത്ഥികളെ കന്നട ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ അനുമോദിക്കുന്നു. കേരളത്തിൽനിന്നും 95 വിദ്യാർത്ഥികളെയും ഗോവയിൽ നിന്ന് ആറു വിദ്യാർത്ഥികളെയും ആണ് ഇത്തവണ അനുമോദിക്കുന്നത്. നാളെ(02) രാവിലെ 11ന് ഇടനീരിലെ ഇടനീർ മഠം ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിലാണ് വിദ്യാർത്ഥികളെ അനുമോദിക്കുന്നത്. ചടങ്ങ് കർണ്ണാടക സാംസ്കാരിക വകുപ്പ് മന്ത്രി ഡോ.ജയമാല ഉദ്ഘാടനം ചെയ്യും. കേരള-റവന്യൂ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ വിദ്യാർത്ഥികളെ അനുമോദിക്കും. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന പരിപാടിയിൽ കന്നട ഡെവല്പ്പ്മെന്റ് അതോറിറ്റി ചെയർമാൻ പ്രൊഫ.എസ്.ജി.സിദ്ധരാമയ്യ മുഖ്യ പ്രഭാഷണം നടത്തും. കെ.കുഞ്ഞിരാമൻ എം.എൽ.എ, ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും.

## സ്റ്റാഫ് നഴ്സുമാർക്കുള്ള പാലിയേറ്റീവ് കെയർ

## ട്രെയിനിംഗിന് അപേക്ഷ ക്ഷണിച്ചു

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ ട്രെയിനിംഗ് സെന്റ്ററിൽ സ്റ്റാഫ് നഴ്സുമാർക്കുള്ള പാലിയേറ്റീവ് കെയർ ട്രെയിനിംഗ് (ബേസിക് സർട്ടിഫിക്കേറ്റ് കോഴ്സ് ഇൻ

(തുടരും)

പാലിയേറ്റീവ് നേഴ്സിംഗ് ) ആരംഭിക്കുന്നു. യോഗ്യത. പ്ലസ്ടു, ജി.എൻ.എം, ബി.എസ്സ്,സി നേഴ്സിംഗ്. താൽപ്പര്യമുള്ളവർ ഡിസംബർ അഞ്ചിനകം ജില്ലാ ആശുപത്രി ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ- 9605067008.

## കളിയരങ്ങ് ക്യാമ്പ് സംഘടിപ്പിക്കും

ജില്ലാ ശിശുക്ഷേമസമിതിയുടെ നേതൃത്വത്തിൽ ഈ മാസം(ഡിസംബർ) 22, 23 തീയതികളിലായി ആദിവാസി കുട്ടികൾക്ക് കളിയരങ്ങ് ക്യാമ്പ് സംഘടിപ്പിക്കും. പള്ളിക്കര ബീച്ച് പാർക്കിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ ആദിവാസി ഗോത്രവിഭാഗത്തിൽപ്പെട്ട 11നും 17നും ഇടയിൽ പ്രായമുള്ള 60 വിദ്യാർഥികൾക്ക് പങ്കെടുക്കാം.രണ്ടു ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പിൽ വിവിധ വിഷയങ്ങളിൽ പരിശീലനവും വിനോദ പരിപാടികളും സംഘടിപ്പിക്കും. താൽപര്യമുള്ളവർ ഈ മാസം 15 നകം ജില്ലാ ട്രൈബൽ ഡെവൽപ്പ്മെന്റ് ഓഫീസുമായോ 9447649957,9447526356 എന്നീ നമ്പറികളിലോ ബന്ധപ്പെടണം. താമസം, ഭക്ഷണം എന്നിവ സൗജന്യമാണ്.

## ദേശീയ ബാലചിത്രരചന മത്സരവും

## കളിയരങ്ങ് ക്യാമ്പും സംഘടിപ്പിക്കും

ജില്ലാ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ഈ മാസം എട്ടിന് ദേശീയ ബാലചിത്രരചന മത്സരവും, 22, 23 തീയതികളിൽ ആദിവാസികുട്ടികൾക്ക് പള്ളിക്കര ബീച്ച് പാർക്കിൽ കളിയരങ്ങ് ക്യാമ്പും സംഘടിപ്പിക്കാൻ കളക്ടർ ഡോ. ഡി സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ ജില്ലാ ശിശുസംരംക്ഷണ ഓഫീസർ പി. ബിജു, സാമൂഹ്യ നീതി ഓഫീസർ പി.ഡീനാ ഭരതൻ,ശിശുക്ഷേമസമിതി ജില്ലാ സെക്രട്ടറി മധു മുതിയക്കാൽ, എം.പി.വി ജാനകി, എച്ച്.കൃഷ്ണരാജ് തുടങ്ങിവർ പങ്കെടുത്തു.

## ദേശീയ ബാലചിത്രരചന മത്സരം ഡിസംബർ എട്ടിന്

ജില്ലാ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ഈ മാസം (ഡിസംബർ)എട്ടിന് നായർമാർമൂല തൻബീഹുൽ ഇസ്ലാം ഹയർസെക്കൻഡറി സ്കൂളിൽ ദേശീയ ബാലചിത്രരചന മത്സരം സംഘടിപ്പിക്കുന്നു. ജനറൽ ഗ്രൂപ്പ്, ഭിന്നശേഷി വിഭാഗങ്ങളിലായാണ് മത്സരം.

ജനറൽ ഗ്രൂപ്പിൽ അഞ്ചിനും ഒൻപതിനും ഇടയിലുള്ള വിദ്യാർഥികൾക്കും 10-16നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികൾക്കും രണ്ട് വിഭാഗങ്ങളിലായിട്ടാണ് മത്സരം. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട അഞ്ചിനും പത്തിനും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികൾക്കും,11 നും 18നും ഇടയിൽ പ്രായമുള്ള വിദ്യാർഥികൾക്കും പങ്കെടുക്കാം.വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും നൽകും.തെരഞ്ഞെടുക്കപ്പെടുന്ന അഞ്ചു മികച്ച ചിത്രങ്ങൾ ദേശീയചിത്രരചനാമത്സരത്തിന് അയക്കും. താൽപര്യമുള്ളവർ പ്രഥമാധ്യാപകന്റെ സാക്ഷ്യപത്രവുമായി ഡിസംബർ എട്ടിന് രാവിലെ 9.30ന് എത്തിച്ചേരണം രണ്ടു മണിക്കൂറാണ് മത്സരം. കൂടുതൽ വിവരങ്ങൾക്ക് -9447652335, 9447526356, 9447649957.

(അവസാനിച്ചു)